# 38
# അൽപവിശ്വാസവും വലിയ വിശ്വാസവും
## (15:21- 39)

ഗലീലയിൽ വെച്ച് യേശു പരീശന്മാരുമായി ഏറ്റമുട്ടിയതിനു ശേഷം ഇപ്പോൾ രംഗം ഫൊയ്നിക്യയിലെ ജാതിയിൽ പെട്ട ഒരു സ്ത്രീയുമുയുള്ള ഏറ്റുമുട്ടലിലേക്ക് മാറി. ആചാരപരമായ യെഹൂദപാരമ്പര്യത്തിൽ പെട്ട കൈകഴുകലിനെ കൈകാര്യം ചെയ്തശേഷം, അശുദ്ധരായ ആളുകളെയും, അവർ താമസിച്ച പ്രദേശത്തെയും മാറ്റി നിർത്തുന്ന രീതി അവനു കൈകാര്യം ചെയ്യേണ്ടതായി വന്നു.

ശുദ്ധീകരണത്തെ കുറിച്ചുള്ള ചർച്ച കഴിഞ്ഞ ഉടനെ യേശു ജാതിയിൽ പെട്ട സ്ത്രീയുമായി സംസാരിക്കുന്നത് വ്യക്തമാക്കുന്നതെന്തെന്നാൽ, ക്രമേണ ജാതികളെ യിസ്രായേല്യരിൽനിന്നു മാറ്റി നിർത്താവുന്നതല്ല എന്നാണ് (പ്രവൃ. 10:15, 28; 11:9–18 നോക്കുക).[1] ദൈവജനത്തിന്റെ, പ്രത്യേകിച്ച് യേശുവിന്റെ ശിഷ്യന്മാർക്ക് പോലുമുണ്ടായിരുന്ന അൽപ വിശ്വാസവും, ജാതികളിൽ പെട്ട ചിലർക്കുണ്ടായിരുന്ന വലിയ വിശ്വാസവും തമ്മിലുള്ള വിരോധാഭാസത്തെ ആ പ്രസ്താവനയിൽ എടുത്തു കാണിക്കുന്നു.

ജാതിയിൽ പെട്ട സ്ത്രീയോട് വികാരരഹിതമായും, അശ്രദ്ധയോടെയും, കാർക്കശ്യത്തോടെയും യേശു പെരുമാറിയതിനെ ചില വിമർശകർ കുറ്റപ്പെടുത്തുകയുണ്ടായി. സുവിശേഷങ്ങളിലെല്ലാം യേശു വൃണപ്പെട്ടവരോടും വിശപ്പുള്ളവരോടും മനസലിവ് കാണിച്ചവനായിട്ടാണ് പറയുന്നത്. എങ്ങനെയായാലും, അവന്റെ പ്രവൃത്തി അൽപം ഹൃദയശൂന്യമെന്നു തോന്നിയേക്കാം, അവൻ പറഞ്ഞതിനും ചെയ്തതിനും നല്ല കാരണമുണ്ടായിരുന്നു (8:22; 10:9, 10 നോക്കുക). വാരെൻ ഡബ്ലിയു വിയേഴ്സ്ബേ എഴുതി, “കർത്താവ് ആ സ്ത്രിയോട് അങ്ങനെ പറഞ്ഞത്, അവളുടെ വിശ്വാസത്തെ തകർക്കുവാനായിരുന്നില്ല, മറിച്ച് വളർത്തുവാനായിരുന്നു.”[2]

### ഒരു കനാന്യ സ്ത്രീയുടെ വിശ്വാസം (15:21-28)

**21യേശു അവിടം വിട്ടു സോർ, സിദോൻ എന്ന പ്രദേശങ്ങളിലേക്ക് മട**
**ങ്ങിപ്പോയി. 22ആ ദേശത്തുനിന്നു ഒരു കനാന്യസ്ത്രീ വന്നു അവനോട്,**
**“കർത്താവേ, ദാവീദ് പുത്രാ എന്നോട് കരുണ തോന്നേണമേ; എന്റെ മകൾക്ക്**
**ഭൂതോപദ്രവം കഠിനമായിരിക്കുന്നു” എന്നു നിലവിളിച്ചു പറഞ്ഞു. 23അവൻ**
**അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല. അവന്റെ ശിഷ്യന്മാർ അടുക്കെ**
**വന്നു, “അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ട്, വരുന്നു; അവളെ**
**പറഞ്ഞയക്കേണമേ” എന്നു അവനോട് അപേക്ഷിച്ചു. 24അതിന്നു അവൻ,**
**“യിസ്രായേൽഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാ**

**തെ എന്നെ അയച്ചിട്ടില്ല" എന്നു ഉത്തരം പറഞ്ഞു. [25]എന്നാൽ അവൾ വന്നു, "കർത്താവേ എന്നെ സഹായിക്കേണമേ" എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. [26]അവനോ, "മക്കളുടെ അപ്പം എടുത്ത് നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല" എന്നു പറഞ്ഞു. [27]അതിന്നു അവൾ, "അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്നു പറഞ്ഞു. യേശു അവളോട്, [28]"സ്ത്രീയേ നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ" എന്നു പറഞ്ഞു. ആ നാഴികയിൽ തന്നെ അവളുടെ മകൾക്ക് സൗഖ്യം വന്നു.**

**വാക്യം 21. യേശു** ഗെന്നേസെരേത്ത് വിട്ട് (14:34) **സോർ, സിദോൻ പ്രദേശത്തേക്ക് വാങ്ങി പോയി** എന്നു തോന്നുന്നു. "വാങ്ങി" എന്നതിന്റെ ഗ്രീക്ക് വാക്കിന് (*അനാക്കോറെയോ*) "അഭയം തേടുക" എന്ന ആശയമാണുള്ളത്. അവൻ മനപ്പൂർവ്വമായി, ശത്രുത കുറക്കുവാനായി, കുറെ സമയത്തേക്ക് ഗലീല വിട്ടുപോയി (12:15; 14:13 ന്റെ പരാമർശം നോക്കുക). മദ്ധ്യധരണ്യാഴിയുടെ കിഴക്കെ തീരത്തുള്ള പുരാതന ഫൊയ്നിക്യയിലുള്ള ജാതികളുടെ രണ്ട് പട്ടണങ്ങളായിരുന്നു സോരും സീദോനും. ഫൊയ്നിക്യക്കാരുടെ മതം നിന്ദ്യമായതിനാൽ, അവരെ ദൈവത്തിന്റെ പ്രവാചകന്മാർ കുറ്റപ്പെടുത്തിയിരുന്നു (11:21 ന്റെ പരാമർശം നോക്കുക).

**വാക്യം 22.** യേശു ഒരു വീട്ടിൽ താമസിക്കുമ്പോഴായിരുന്നു (മർ. 7:24), ആ പ്രദേശത്തുനിന്ന് ഒരു കനാന്യ സ്ത്രീ അവനെ സമീപിച്ചത്. തന്റെ റോമൻ സദസിനോട് മർക്കൊസ് "യവന സ്ത്രീ" എന്നാണ് പറഞ്ഞത് (മർ. 7:26). എന്നാൽ മത്തായി തന്റെ യെഹൂദ സദസിനോട് പഴയ വാക്കായ "കനാന്യ സത്രീ" എന്നാണ് പറഞ്ഞത്. കനാന്യരെ സിദോനിൽ കാണാം (ഉല്. 10:15, 19) അവരിൽനിന്നു വന്നവരാണ് ഫൊയിനിക്യക്കാർ. യെഹൂദന്മാർ വെറുത്തിരുന്നവരിൽ പെട്ട ഒരാളായിരുന്നു ആ സ്ത്രീ. ആവർത്തനപുസ്തകം 7:1, 2-ൽ യോശുവയോട് ഉന്മൂലനാശം വരുത്തുവാൻ കൽപിച്ചവരിൽ പെട്ട ഒരാൾ. "കനാന്യ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ചാനാനായിയോസ്*), യെഹൂദന്മാർ ഫോയിനിക്യക്കാരെ ഒന്നാം നൂറ്റാണ്ടിൽ വിളിച്ചിരുന്നു.[3]

ഒരു യെഹൂദ ഉപദേഷ്ടാവും രോഗസൗഖ്യം വരുത്തുന്നവനുമായ യേശുവിന്റെ അടുക്കലേക്കാണ്, വിഗ്രഹാരാധി ആയിരുന്നേക്കാവുന്ന ആ സ്ത്രി താഴ്മയോടെ വന്നത്. അവൾ തീർച്ചയായും യേശുവിന്റെ സഹായം തേടുകയായിരുന്നു, കാരണം അവളുടെ **മകൾ മാരകമായി ഭൂതബാധയേറ്റിരിക്കയായിരുന്നു**. അവൾ യേശുവിന്റെ അടുക്കൽ വന്നു നിലവിളിച്ചു, എന്നാൽ അവൾ യേശുവിനെ ബഹുമാനത്തോടെ, **കർത്താവേ** എന്നും മശിഹാ പദമായ **ദാവീദ് പുത്രാ** എന്നാണ് വിളിച്ചത് (1:1; 9:27; 12:23; 20:30, 31; 21:9, 15; 22:42). അവളുടെ അന്യദേവനെ നമസ്ക്കരിക്കുന്ന പശ്ചാത്തലം നോക്കുമ്പോൾ, അവളുടെ വാക്കുകൾ അതിശയിപ്പിച്ചേക്കാം. എങ്ങനെയായാലും, അത് യേശുവിന്റെ പ്രചാരത്തെയും, യെഹൂദന്മാരുടെ മശിഹാ പ്രത്യാശ ജാതികൾക്കു കൂടെ ഉണ്ടായിരുന്നു എന്ന പ്രതീതിയാണ് കാണിക്കുന്നത് - പ്രത്യേകിച്ച് സിറിയ നാട്ടിൽ (4:24, 25 നോക്കുക).

**വാക്യം 23.** ആദ്യം യേശു ആ സ്ത്രീയെ പരിഗണിച്ചില്ല എന്നു തോന്നുന്നു: **അവൻ അവളോട് ഒന്നും പറഞ്ഞില്ല**. അവന്റെ നിശബ്ദത ആ അമ്മയെ പിന്തിരിപ്പിച്ചില്ല. തനിക്ക് വേണ്ടത് അവനിൽനിന്നു മാത്രമേ ലഭിക്കുകയുള്ളു

എന്ന് അവൾ അറിഞ്ഞിരുന്നു.

യേശു അവളെ **പറഞ്ഞയക്കുവാനായി** ശിഷ്യന്മാർ ആഗ്രഹിച്ചു, പക്ഷെ അവൾ നിരാശപ്പെട്ടില്ല. അവളെ ആദ്യം അവഗണിച്ചു, പിന്നെ തള്ളിക്കളഞ്ഞു. ശിഷ്യന്മാർ അവളെ പറഞ്ഞയക്കുവാനാഗ്രഹിച്ചു എങ്കിലും, അവൾ നിലവിളിച്ചുകൊണ്ടിരുന്നു എന്നാണ് വാക്കുകൾ സൂചിപ്പിക്കുന്നത്.

**വാക്യം 24.** യേശു പിന്നെ പ്രതികരിച്ചുകൊണ്ട് പറഞ്ഞു, "**യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല.**" വാക്യം 23 ലെ അവന്റെ നിശബ്ദതയും വാക്യം 24 ലെ വാക്കുകളും അവളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു (യോഹ. 2:3, 4; 6:5, 6 നോക്കുക).

ജാതികളുടെ പട്ടണങ്ങളായ സോർ, സിദോൻ പ്രദേശങ്ങളിലേക്ക് യേശു വാങ്ങി പോയെങ്കിലും, അവന്റെ ദൗത്യം ദൈവജനമായിരുന്ന യിസ്രായേൽ മക്കൾക്കിടയിലായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ദേശത്തോട് ദൈവം വാഗ്ദാനം ചെയ്തതു നിറവേറുന്നതായിരുന്നു യെഹൂദന്മാരോടുള്ള ക്രിസ്തുവിന്റെ സമർപ്പണം.[4] മുൻപ്, മത്തായിയിൽ, "അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപോലെ കുഴഞ്ഞവരും ചിന്നിയവരുമായി" കണ്ടിരുന്നു (9:36). പരിമിതമായ ആജ്ഞയുമായി യേശു പന്തിരുവരെ അയച്ചപ്പോൾ അവരോട് പറഞ്ഞത്, ജാതികളുടെ അഥവാ ശമര്യരുടെ പട്ടണങ്ങളിൽ പോകാതെ "യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ മാത്രം" പ്രസംഗിക്കണമെന്നായിരുന്നു (10:5, 6). യേശുവിനെ അയച്ചത് പ്രത്യേകമായി യിസ്രായേലിനു വേണ്ടിയായിരുന്നു എങ്കിലും, അവൻ ചിലപ്പോൾ ജാതികളെയും ശമര്യക്കാരെയും ശുശ്രൂഷിക്കയുണ്ടായി (8:5-13; യോഹ. 4:1-42). ദൈവത്തിന് യിസ്രായേലിനോടുള്ള വിശ്വസ്തത ജാതികളിലേക്കും വ്യാപിപ്പിച്ചു (റോമർ. 15:8-12).

**വാക്യം 25.** യേശു അങ്ങനെ പറഞ്ഞിട്ടും, ആ സ്ത്രീ വന്നു അവനെ **നമസ്ക്കരിച്ചു പറഞ്ഞു, "കർത്താവേ, എന്നെ സഹായിക്കേണമേ!"** "നമസ്ക്കരിച്ചു" എന്ന വാക്ക് (*പ്രോസ്കുനെയോ*) എളിമ പ്രവൃത്തിയെയും, എല്ലായ്പോഴും അത് ആരാധനയെയുമാണ് സൂചിപ്പിക്കുന്നത്. "കർത്താവ്" (*കൂറിയോസ്*) എന്ന വാക്ക് മാനുഷ യജമാനനെയും ദൈവിക യജമാനനെയും സൂചിപ്പിച്ച് ഉപയോഗിച്ചിരുന്നു. ആ വാക്ക് കൃത്യമായും എന്താണ് ഉദ്ദേശിച്ചതെന്ന് നിർണ്ണയിക്കുക പ്രയാസമായിരുന്നു. എന്നിരുന്നാലും, ആ നിരാശയിലായിരുന്ന അമ്മ, തന്നെ സഹായിക്കുവാൻ അവനു കഴിയുമെന്ന് തിരിച്ചറിഞ്ഞ്, യേശുവിന്റെ അടുക്കൽ ബഹുമാനത്തോടെയും താഴ്മയോടെയും വന്നു അവനെ നമസ്ക്കരിച്ചു.

ആ സ്ത്രീയുടെ മടുത്തുപോകാത്ത സ്വഭാവം അതിശയിപ്പിക്കുന്നതാണ്. കർത്താവിൽനിന്നു തനിക്ക് ലഭിക്കുവാനുള്ള അനുഗ്രഹം തട്ടിപ്പറിക്കുവാൻ ഒരു ശക്തിയെയും അവൾ അനുവദിച്ചില്ല. യേശുവിനെ വിട്ടുപോയാൽ സഹായത്തിനു തനിക്ക് മറ്റെവിടെയും പോകുവാനില്ല എന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു (യോഹ. 6:66-69).

**വാക്യം 26.** അവളുടെ വിശ്വാസത്തെ തുടർച്ചയായി പരീക്ഷിച്ച് യേശു പറഞ്ഞു, "**മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല.**" "അപ്പം" (*ആർടോസ്*) എന്ന വിഷയം അദ്ധ്യായം 15-ൽ ഉടനീളം കാണാം. അവന്റെ ശിഷ്യന്മാർ ആചാരപരമായി കൈ കഴുകാതെ ഭക്ഷിക്കു

ന്നതിനെ ചൊല്ലിയായിരുന്നു പരീശന്മാർ യേശുവിനോട് പരാതിപ്പെട്ടത്. ജാതികളുമായി ബന്ധപ്പെട്ട് അശുദ്ധരായെന്നും ആ ശിഷ്യന്മാരെ അവർ കുറ്റപ്പെടുത്തിയിരിക്കാം (15:2). ഈ സന്ദർഭത്തിൽ, മക്കളുടെ (യെഹൂദന്മാർ) അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് (ജാതികൾ) കൊടുക്കുന്നത് നന്നല്ല എന്നു പറഞ്ഞിരിക്കുന്നു (15:26). അദ്ധ്യായത്തിന്റെ അവസാനം, ശിഷ്യന്മാരുടെ അപ്പം എടുത്ത് നാലായിരം പേരെ പോഷിപ്പിച്ചു. അവർ ഒരുപക്ഷെ ജാതിയിൽ പെട്ടവരായിരുന്നേക്കാം (15:33, 34, 36).

വാക്യം 26 ലെ യേശുവിന്റെ പ്രസ്താവന മശിഹാ സ്വഭാവത്തിനു പുറത്തുള്ളതും ആ സ്ത്രീക്ക് ഇടർച്ചയുമായിരുന്നു എന്നു കണക്കാക്കിയിരുന്നു. ആ വാക്യം വ്യാഖ്യാനിക്കുമ്പോൾ ഒരാൾ ചുരുങ്ങിയത് മൂന്നു കാര്യങ്ങൾ പരിഗണിക്കണം. ഒന്ന്, യേശു അവളെ പരീക്ഷിക്കുകയായിരുന്നു, അതിന് ചിലപ്പോൾ ഉറച്ച നിലപാട് ആവശ്യമായി വന്നേക്കും. രണ്ട്, യേശുവിന്റെ ശബ്ദത്തെ കുറിച്ചോ മുഖഭാവത്തെ കുറിച്ചോ വേദഭാഗം പറയുന്നില്ല - അവ രണ്ടും പ്രധാനപ്പെട്ട ആശയവിനിമയ വശങ്ങളാണ്. വില്യം ബാർക്ലേ പറഞ്ഞു, "സംസാരിക്കുമ്പോൾ ഒരാളുടെ നോട്ടവും ഉച്ചാരണവും വ്യത്യാസം ജനിപ്പിക്കും. വളരെ കടുത്ത കാര്യം പോലും പുഞ്ചിരിച്ചുകൊണ്ട് പറയുവാൻ കഴിയും"[5] മൂന്ന്, "നായ്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*കുനാരിയോൺ*), അർത്ഥം "വീട്ടു-നായ്" അല്ലെങ്കിൽ "മടിയിൽ-വെക്കാവുന്ന നായ്ക്കുട്ടി"[6] എന്നാണ്. തെരുവിൽ അലയുന്ന നായക്ക് *കുവോൺ* എന്നാണ് പറയുന്നത്, അതിന്റെ ചെറിയതാകാം ഇവിടെ പറയുന്നത്. തീർച്ചയായും മടിയിൽ-വെക്കുന്ന നായ്ക്കുട്ടികൾ തെരുവു-നായ്ക്കളെ പോലെ അപകടകാരികളല്ല.

വില കുറക്കുന്ന അർത്ഥത്തിൽ, യെഹൂദന്മാർ ജാതികളെ "നായ്ക്കൾ" എന്നാണ് വിളിച്ചിരുന്നത് (7:6 ന്റെ പരാമർശം നോക്കുക). യെഹൂദന്മാരുടെ ഭക്ഷണനിയന്ത്രണം ജാതികൾ പാലിച്ചിരുന്നില്ല. അവർ തങ്ങൾക്ക് ബോധിച്ചതെല്ലാം ഭക്ഷിച്ചിരുന്നു. അതുകൊണ്ട്, അവർ ചീഞ്ഞളിഞ്ഞ മാംസം ഭക്ഷിക്കുന്ന അലഞ്ഞു തിരിയുന്ന നായ്ക്കളെ പോലെയായതിനാൽ ആണ് അങ്ങനെ വിളിക്കുന്നത്. അതിനു പുറമെ നായ്ക്കൾക്ക് ലൈംഗിക നിയന്ത്രണമില്ലാതിരുന്നതുപോലെ, ജാതികൾ ദുർന്നടപ്പിലായിരുന്നു ജീവിച്ചിരുന്നത്. പൊതുവായി പറഞ്ഞാൽ, ജാതികൾ ദൈവത്തിന്റെ ഉടമ്പടിയിൽ വരാത്തതുകൊണ്ട്, അവർ തരംതാഴ്ന്നവരായിട്ടാണ് യെഹൂദന്മാർ കരുതിയിരുന്നത്.

**വാക്യം 27**. യേശുവിന്റെ പ്രസ്താവനയിൽ അവൾ ഇടറുന്നതിനു പകരം, ആ സാദൃശത്തെ അവൾ തന്റെ നേട്ടത്തിനായി ഉപയോഗിച്ചു. യേശു തുടർച്ചയായി ഉപയോഗിച്ച "നായ്ക്കുട്ടി" (*കുനാരിയോൺ*) എന്ന വാക്കിനോട് അവൾ പ്രതികരിച്ചു, "**അതെ കർത്താവേ, എന്നാൽ ഉടയവന്റെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ നായ്ക്കുട്ടികൾ തിന്നുന്നുണ്ടല്ലോ.**" ഒരു സമാന പ്രയോഗം ഇങ്ങനെ വായിക്കുന്നു, "മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ നായ്ക്കുട്ടികൾക്ക് തിന്നാമെങ്കിലും, ജാതികളായ ഞങ്ങൾക്ക് യഹൂദന്മാരോടൊപ്പം അവരുടെ മേശയിലിരുന്നു ഭക്ഷിക്കുവാൻ അനുവാദമില്ല."

സ്വന്തജനത്തെ ശുശ്രൂഷിപ്പാൻ വന്ന യേശു, തന്റെ മകളെ സൗഖ്യമാക്കിയാൽ അവന്റെ ശക്തി കുറഞ്ഞുപോകയില്ല എന്നാണ് ആ അമ്മ കരുതിയത്. അവൾ ആദ്യം യേശുവിനെ "ദാവീദിന്റെ പുത്രൻ" ആയിട്ടാണ് തിരിച്ചറിഞ്ഞത് (15:22). അവൻ സകല ജാതികളുടേയും കർത്താവാണെന്ന് അവളുടെ ഈ പ്രതികരണത്തിൽ അന്തർലീനമാക്കിയിരിക്കുന്നു. തീർച്ചയായും അബ്രഹാമിന്റെ

സന്തതിയായ ക്രിസതു മുഖാന്തരം സകല ജാതികളെയും അനുഗ്രഹിക്കു മെന്നതായിരുന്നു ദൈവം അബ്രഹാമിന്നു കൊടുത്ത വാഗ്ദാനം (ഉല്. 12:3; 22:18; 26:4; ഗലാ. 3:6-18).

**വാക്യം 28.** ദൈവിക പദ്ധതിയിൽ യിസ്രായേലിനുള്ള പ്രാമുഖ്യം ആ സ്ത്രീ സമ്മതിച്ച ശേഷം, യേശു അവളെ സഹായിക്കുവാൻ തയ്യാറായി. അവ ളിൽനിന്നു കർത്താവ് പ്രതീക്ഷിച്ച മറുപടി ആയിരിക്കാം അവൾ പറഞ്ഞത്, കർത്താവ് അപ്പോഴും അവളുടെ വിശ്വാസത്തെ വളർത്തുവാൻ സഹായി ക്കുകയായിരുന്നു. അവൻ ആശ്ചര്യത്തോടെ പറഞ്ഞു, "**സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്**." "സ്ത്രീ" എന്നു സംബോധന ചെയ്ത വാക്ക് മോശമാ യതോ വില കുറഞ്ഞതോ അല്ല. ആ വാക്ക് പുതിയ നിയമത്തിൽ മറ്റു പല ഭാഗത്തും ഉപയോഗിച്ചിട്ടുണ്ട് (ലൂക്കൊ. 13:12; 22:57; യോഹ. 4:21; 8:10; 20:13, 15), യേശു തന്റെ അമ്മയെ സംബോധന ചെയ്തപ്പോഴും ഉപയോഗിച്ചിരിക്കു ന്നു (യോഹ. 2:4; 19:26).

ആ സ്ത്രീ മടുത്തുപോകാതിരുന്നതിനാൽ, അവൾ അന്വേഷിച്ച അനു ഗ്രഹം അവൾക്ക് ലഭിച്ചു. "വലിയ" വിശ്വാസമുള്ളവൾ എന്നാണ് യേശു അവളെ കുറിച്ചു പറഞ്ഞത്. രണ്ടു സംഭവങ്ങളിൽ മാത്രമാണ് വലിയ വിശ്വാ സത്തെ കുറിച്ച് യേശു പറഞ്ഞത്, അതു രണ്ടും ജാതിയിൽപെട്ട ഒരു പു രുഷനും ഒരു സ്ത്രീക്കുമായിരുന്നു. ഒന്നു, ഒരു റോമൻ ശതാധിപന്റേതായി രുന്നു, അവന്റെ ദാസനെ യേശു സൗഖ്യമാക്കി (8:5-13), മറ്റേത്, ഈ കനാന്യ സ്ത്രീയും.

യേശു അവളോട് പിന്നെ ഈ വാക്കുകളായിരുന്നു പറഞ്ഞത്, "**നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ," ആ നാഴികമുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു**. ശതാധിപന്റെ ദാസന്റേതുപോലെ, ആ പെൺകുട്ടിയെ സൗഖ്യ മാക്കുവാൻ അവന്റെ സാന്നിധ്യം ആവശ്യമായിരുന്നില്ല. അവന്റെ കൈ അവ ളുടെ മേൽ വെക്കേണ്ട ആവശ്യവുമില്ലായിരുന്നു. ജീവിതത്തിന്റെ കർത്താ വാണ് യേശു എന്നറിഞ്ഞ്, ഭൂതങ്ങളും അവന്റെ വാക്ക് കേട്ട് അനുസരിച്ചു.

## ജാതികൾക്കിടയിലെ
## സ്വീകാരം (15:29-39)

### യേശു പുരുഷാരത്തെ സൗഖ്യമാക്കുന്നു (15:29-31)

**29യേശു അവിടെ നിന്നു യാത്രയായി, ഗലീലാ കടലരികെ ചെന്നു മല യിൽ കയറി അവിടെ ഇരുന്നു. 30വളരെ പുരുഷാരം മുടന്തർ, കുരുടർ, ഊമർ, കൂനർ മുതലായ പലരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു അവന്റെ കാൽക്കൽ വെച്ചു. അവൻ അവരെ സൗഖ്യമാക്കി. 31ഊമർ സംസാരിക്കു ന്നതും കൂനർ സൗഖ്യമാകുന്നതും മുടന്തർ നടക്കുന്നതും കുരുടർ കാണു ന്നതും പുരുഷാരം കണ്ടിട്ട് ആശ്ചര്യപ്പെട്ടു, യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി.**

**വാക്യം 29.** യേശു അവിടം വിട്ട് **ഗലീലാ കടലരികിലേക്ക് പോയി** എന്ന കുറിപ്പാണ് മത്തായി നമുക്ക് നൽകിയിരിക്കുന്നത്. മർക്കൊസ് കൂടുതൽ പ്ര ത്യേകമായി പറയുന്നു "അവൻ വീണ്ടും സോരിന്റെ അതിർ വിട്ട് സിദോൻ വഴി

യായി ദെക്കപ്പൊലിദേശത്തിന്റെ നടുവിൽകൂടി ഗലീലാക്കടൽപുറത്ത് വന്നു" (മർ. 7:31). മുഖ്യമായും ജാതികൾ തിങ്ങി പാർത്തിരുന്ന പത്തു പട്ടണങ്ങളുടെ സംഘമായിരുന്നു ദെക്കപ്പൊലി (4:25 ന്റെ പരാമർശം നോക്കുക). അവിടെ, കടലിന്റെ കിഴക്കുവശത്തുള്ള ഒരു **പർവ്വതത്തിലേക്ക്** (*ഓറോസ്*) അല്ലെങ്കിൽ "മലയിലേക്ക്" യേശു **കയറി ഇരുന്നു** എന്നു പറയുമ്പോൾ, അവൻ ഉപദേശിപ്പാൻ തയ്യാറായി എന്നാണ് സൂചന (5:1, 2 ന്റെ പരാമർശം നോക്കുക). ക്രിസ്തു അവിടെ "മൂന്നു ദിവസം" ആളുകളെ ഉപദേശിച്ചു (15:32). എങ്ങനെയായാലും, താഴെയുള്ള വാകൃങ്ങളിൽ സൗഖ്യത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്.

**വാക്യം 30.** ഈ അവസരത്തിൽ, "വിക്കനായ ഒരു ചെകിടനെ" യേശു സൗഖ്യമാക്കിയതായാണ് മർക്കൊസ് വിവരിക്കുന്നത് (മർ. 7:32–37). ആ സമയത്ത് യേശു അവനെ പുരുഷാരത്തിൽനിന്നു മാറ്റി കൊണ്ടുപോയിട്ടാണ് സൗഖ്യമാക്കിയത്. ഇത് ആരോടും പറയരുത് എന്നു യേശു വിലക്കിയിരുന്നു എങ്കിലും, അവന്റെ സ്നേഹിതന്മാരോ അല്ലെങ്കിൽ കുടുംബാംഗങ്ങളോ അത് ഉടനെ പോയി പരസ്യമാക്കി. യജമാനൻ വന്നിരിക്കുന്നു എന്ന വാർത്ത പെട്ടെന്നു വ്യാപിച്ചു, കാരണം **വലിയ പുരുഷാരം** അവന്റെ അടുക്കൽ വന്നു, അവർ **ഊമരേയും, ചെകിടരേയും, മുടന്തരേയും കുരുടരേയും** കൊണ്ടാണ് വന്നത്. **മറ്റു പല വ്യാധിക്കാരും** അവന്റെ അടുക്കൽ വന്നിരുന്നു. അവരുടെ സ്നേഹിതന്മാരും കുടുംബാംഗങ്ങളും അവരെ കൊണ്ടുവന്നു **അവന്റെ കാൽക്കൽ വെച്ചു.** അവരുടെ ആവശ്യമനുസരിച്ച് യേശു മനസലിഞ്ഞു അവരെ **സൗഖ്യമാക്കി** (4:23–25; 9:35; 11:5; 12:15 നോക്കുക).

**വാക്യം 31. ഊമൻ സംസാരിക്കുന്നതും, ചെകിടർ കേൾക്കുന്നതും, മുടന്തർ നടക്കുന്നതും, കുരുടർ കാണുന്നതും കണ്ട്, പുരുഷാരം അതിശയിച്ചു. ക്രിസ്തുവിന്റെ ശക്തി കണ്ട് അവർ ആശ്ചര്യപ്പെട്ടു.** അവർ അത് അത്ഭുതമാണെന്ന് തിരിച്ചറിഞ്ഞ് **യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി.** അത് ജാതികൾ തിങ്ങി പാർക്കുന്ന പ്രദേശമായിരുന്നു എന്ന് "യിസ്രായേലിന്റെ ദൈവം" എന്ന പ്രയോഗം വ്യക്തമാക്കുന്നു. അവൻ യെഹൂദന്മാരെ മാത്രമാണ് സൗഖ്യമാക്കിയിരുന്നതെങ്കിൽ വേദഭാഗം അവർ "ദൈവത്തെ മഹത്വപ്പെടുത്തി" എന്നു പറയുമായിരുന്നു. യേശുവിന്റെ സ്വന്ത ജനത്തിനോ യെഹൂദ പ്രമാണിമാർക്കോ ഇതുപോലെയുള്ള അവസരങ്ങളിൽ നിഷേധ ഭാവമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ, ജാതികളുടെ പ്രതികരണം തികച്ചും ക്രിയാത്മകമായിരുന്നു (11:20–24; 12:14, 24, 38).

## യേശു നാലായിരം പേരെ പോഷിപ്പിക്കുന്നു (15:32-39)

**32എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു, "ഈ പുരുഷാരം മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു; അവർക്ക് ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ട്, അവരെ കുറിച്ച് എനിക്ക് മനസലിവ് തോന്നുന്നു; അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസുമില്ല. അവർ വഴിയിൽ വെച്ചു തളർന്നു പോയേക്കും എന്നു പറഞ്ഞു." 33ശിഷ്യന്മാർ അവനോട്, "ഇത്ര വലിയ പുരുഷാരത്തിന്നു തൃപ്തി വരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്ക് എവിടെനിന്ന് എന്നു പറഞ്ഞു." 34"നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്" എന്നു യേശു ചോദിച്ചു. "ഏഴ്; കുറെ ചെറുമീനും ഉണ്ട് എന്ന് അവർ**

**പറഞ്ഞു.” [35]അവൻ പുരുഷാരത്തോട് നിലത്ത് ഇരിപ്പാൻ കൽപിച്ചു. [36]ആ ഏഴ് അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും, ശിഷ്യന്മാർ പുരുഷാരത്തിന്നും കൊടുത്തു. [37]എല്ലാവരും തിന്നു തൃപ്തരായി. ശേഷിച്ച കഷണം അവർ ഏഴു വട്ടി നിറെച്ചെടുത്തു. [38]തിന്നവരോ സ്ത്രീകളെയും പൈതങ്ങളേയും കൂടാതെ നാലായിരം പുരുഷന്മാർ ആയിരുന്നു.**
**[39]പിന്നെ അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട്, പടകിൽ കയറി മഗദദേശത്തു എത്തി.**

അയ്യായിരം പേരെ പോഷിപ്പിച്ചതും നാലായിരം പേരെ പോഷിപ്പിച്ചതും തമ്മിൽ സമാനതകൾ പലതുണ്ട്. രണ്ട് സംഭവങ്ങളിലും, ഒറ്റപ്പെട്ട സ്ഥലത്തായിരുന്നു വളരെ പുരുഷാരം കൂടിവന്നിരുന്നത്, പക്ഷെ അവർക്ക് ഭക്ഷിപ്പാൻ ഒന്നുമില്ലായിരുന്നു. അവരോട് മനസലിഞ്ഞ് യേശു പുരുഷാരത്തോട് നിരനിരയായി ഇരിപ്പാൻ കൽപിച്ചു. ഏതാനും അപ്പവും കുറെ മീനും എടുത്ത് ദൈവത്തോട് അപേക്ഷിച്ചു വാഴ്ത്തി അവർക്ക് തൃപ്തി വരുവോളം കൊടുത്തു. അതിനുശേഷം അവശേഷിച്ചത് ശേഖരിച്ചു.

മുൻപ് നാം ശ്രദ്ധിച്ചതുപോലെ, മുൻപ് നടന്ന അത്ഭുതം ആവർത്തിച്ചു പറയുന്നതല്ല നാലായിരം പേരെ പോഷിപ്പിച്ചത്; പല രീതിയിലും രണ്ട് അത്ഭുതങ്ങളും വ്യത്യസ്തമാണ് (ഈ പുസ്തകത്തിൽ മുൻപ് വന്ന “അയ്യായിരം പേരെ പോഷിപ്പിക്കൽ” എന്ന പാഠം നോക്കുക). അവ രണ്ടും ഒന്നാണെന്നു പറയുന്നതിനെതിരെ ബോധ്യമാക്കാവുന്ന വസ്തുത എന്തെന്നാൽ മത്തായിയുടേയും മർക്കൊസിന്റേയും വിവരണങ്ങളിൽ രണ്ട് വ്യത്യസ്തമായ വിവരണങ്ങളാണുള്ളത് - പ്രത്യേകിച്ച് വെവ്വേറെ വിശദീകരണങ്ങളാണുള്ളത്. ഏതു വിധത്തിലുള്ള ന്യൂനതയും പരിശുദ്ധാത്മ നിയോഗത്താൽ പരിഹരിച്ചിരിക്കും (2 പത്രൊ 1:20, 21). അത് ബോധ്യമാക്കുന്ന മറ്റൊരു കാര്യം എന്തെന്നാൽ, യേശു തന്നെ രണ്ട് അത്ഭുതങ്ങളെയും വിശദമായി പറയുന്നു എന്നതാണ് (16:5-12).

പുരുഷാരം വന്നുചേർന്നതായിരുന്നു ആ രണ്ട് അത്ഭുതങ്ങളിലുമുള്ള പ്രധാന വ്യത്യാസം. അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ, ഗലീലയിൽനിന്ന് യെഹൂദന്മാരായിരുന്നു ഒറ്റപ്പെട്ട സ്ഥലത്തേക്ക് യേശുവിനെ അനുഗമിച്ചത് (14:13-15). നാലായിരം പേരെ പോഷിപ്പിച്ചപ്പോൾ, യേശുവിനു ചുറ്റും കൂടിവന്നിരുന്നത് ദെക്കപ്പൊലിയിലെ ജാതികളായിരിക്കുവാനാണ് സാധ്യത (മർ. 7:31). ജാതി എന്ന വിഷയമാണ് മത്തായി 15 ന് യോജിക്കുന്നത്; ശുദ്ധീകരണ ചടങ്ങിനെ കുറിച്ചും ഭക്ഷിക്കുന്നതിനെ സംബന്ധിച്ചുമുള്ള വാദത്തിനു ശേഷം (15:1-20), യേശു അപ്പത്തെ കുറിച്ചു പറഞ്ഞു, ഒരു കനാന്യ സ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു (15:21-28). അതിനെ തുടർന്ന് ജാതികളായ പുരുഷാരത്തിലെ രോഗികളെ അത്ഭുതകരമായി സൗഖ്യമാക്കുകയും, അത്ഭുതകരമായി അവരെ പോഷിപ്പിക്കുകയും ചെയ്തു (15:29-39).

**വാക്യം 32. യേശു ശിഷ്യന്മാരെ വിളിച്ച്** തനിക്ക് **പുരുഷാരത്തെ കുറിച്ചുള്ള മനസലിവ്** വ്യക്തമാക്കി. അങ്ങനെ, അവൻ അവരോട് മനസലിവുള്ളവരാകുവാൻ ശീലിപ്പിക്കുകയായിരുന്നു (9:36; 14:14; 20:34), കൂടാതെ അവരുടെ വിശ്വാസത്തെ പരീക്ഷിക്കുകയുമായിരുന്നു (15:33).

**മൂന്നു ദിവസമായി** പുരുഷാരം യേശുവിനോടുകൂടെ ആയിരുന്നു, അവർക്ക് **ഭക്ഷിപ്പാനും ഒന്നുമില്ലായിരുന്നു.** മൂന്നു-ദിവസം യേശു രോഗ സൗ

ഖ്യം നടത്തുകയായിരുന്നു എന്നു മുമ്പിലത്തെ ഖണ്ഡിക പരിശോധിച്ചാൽ മനസിലാകും (15:29–31). പുരുഷാരം ആ മൂന്നു ദിവസവും ഉപവസിക്കുകയായിരുന്നു എന്നു കരുതരുത്. അവർ കൊണ്ടുവന്ന ഭക്ഷണം ഒരുപക്ഷെ തീർന്നു പോയിരിക്കാം,[7] അവരെ **പട്ടിണിയായി വിട്ടയപ്പാൻ യേശുവിനു മനസില്ലായിരുന്നു**, കാരണം അവർ **വഴിയിൽ വീണുപോകുവാൻ സാധ്യതയു**ണ്ട്. ബഹു ദൂരം യാത്ര ചെയ്താണ് ചിലർ അവിടെ വന്നത്, തിരിച്ചും അതുപോലെ വളരെ ദൂരം യാത്ര ചെയ്യണം (മർ. 8:3). ഈ സന്ദർഭത്തിൽ, യേശു പുരുഷാരത്തിന്റെ ശ്രദ്ധയെ ആകർഷിച്ചപ്പോൾ, ശിഷ്യന്മാർ അയ്യായിരം പേരെ പോഷിപ്പിച്ച വിഷയം അവർക്ക് ഓർക്കാമായിരുന്നു (14:15).

**വാക്യം 33.** പുരുഷാരത്തെ കുറിച്ചുള്ള യേശുവിന്റെ കരുതലിനെയോ, ആളുകളെ പട്ടിണിക്ക് പറഞ്ഞയക്കുന്നതിലുള്ള അപകടത്തെയോ, **ശിഷ്യന്മാർ** വാദിക്കുകയോ, വിസമ്മതിക്കുകയോ ചെയ്തില്ല. എങ്ങനെയായാലും, യുക്തി അവർക്ക് കുരുക്കായി തോന്നിയിരിക്കാം: **"ഇത്രയും വലിയ പുരുഷാരത്തിന്ന് തൃപ്തി വരുത്തുവാൻ ഈ കാട്ടിൽ അപ്പം എവിടെ നിന്ന്?"** അവർ നിർജ്ജന പ്രദേശത്തായിരുന്നതിനാൽ ആഹാരം വാങ്ങുവാൻ അവിടെ ചന്തയൊന്നുമില്ലായിരുന്നു. യേശുവിന് അവരെ അത്ഭുതകരമായി പോറ്റുവാൻ കഴിയുമെന്ന് ശിഷ്യന്മാർ പരിഗണിച്ചില്ലെന്നു തോന്നുന്നു. എങ്ങനെയായാലും, അവൻ അയ്യായിരം പേരെ പോഷിപ്പിച്ചിട്ട് അധികമായിരുന്നില്ല (16:8–10).

**വാക്യം 34.** ശിഷ്യന്മാരുടെ ആഹാര സ്ഥിതി കണ്ടെത്തുവാൻ കർത്താവ് ആഗ്രഹിച്ചു. **ഏഴ് അപ്പവും കുറെ ചെറുമീനും** മാത്രമെ അപ്പൊസ്തലന്മാർക്ക് കണ്ടെത്തുവാൻ കഴിഞ്ഞുള്ളു. ആ രണ്ട് അത്ഭുതങ്ങൾ തമ്മിലുള്ള മറ്റൊരു വ്യത്യാസം ആദ്യം ഉണ്ടായിരുന്ന ആഹാരത്തിന്റെ അളവിലുള്ള വ്യത്യാസമാണ്. അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ, *അഞ്ച്* അപ്പവും *രണ്ട്* മീനുമായിരുന്നു ആദ്യം ഉണ്ടായിരുന്നത് (14:17). രണ്ടാമത്തേതിൽ *ഏഴ്* അപ്പവും *കുറെ* മീനും ആണ് ഉണ്ടായിരുന്നത്.

**വാക്യം 35.** അയ്യായിരം പേരോട് ചെയ്തതുപോലെ, യേശു **ആളുകളെ നിലത്ത് ഇരുത്തുവാൻ കൽപിച്ചു.** "നിർദ്ദേശിച്ചു" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പാരാഞ്ചെലോ*) "കൽപിച്ചു" എന്നും (കെജെവി) അല്ലെങ്കിൽ "ആജ്ഞാപിച്ചു" (എൻആർഎസ്വി) എന്നും അധികാരത്തെ ആണ് സൂചിപ്പിക്കുന്നത്. "ഇരിക്കുക" എന്നതിന്റെ (*അനാപ്പിപ്ടോ*) അർത്ഥം, ഭക്ഷണത്തിന് "ചരിഞ്ഞിരിക്കുക" എന്നാണ്. അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ, ആളുകളോട് "പുല്ലിൽ" ഇരിക്കുവാനാണ് കൽപിച്ചത് (14:19). ഈ അവസരത്തിൽ, പുരുഷാരത്തോട് നിലത്ത് ഇരിക്കുവാനാണ് കൽപിച്ചത്. പെസഹാ സമയത്തോടടുപ്പിച്ചായിരുന്നു ആദ്യത്തെ അത്ഭുതം നടന്നത് (യോഹ. 6:4). യേശു സോർ, സിദോൻ പ്രദേശത്തേക്ക് പോയപ്പോൾ ഏതാനും മാസം കഴിഞ്ഞിരിക്കാം (15:21). പുരുഷാരം നിലത്ത് ഇരിക്കുവാൻ പറഞ്ഞതിനാൽ, അത് "വേനൽക്കാലത്ത്, പുല്ല് ഉണങ്ങിപ്പോയ സമയമാണെന്ന് പറയപ്പെടുന്നു."[8]

**വാക്യം 36.** അവൻ ആദ്യം ചെയ്തതുപോലെ, ഇപ്പോഴും **അപ്പവും മീനും** എടുത്ത് ദൈവത്തിനു **സതോത്രം ചൊല്ലി വാഴ്ത്തി** (*എയുക്കാരിസ്റ്റെയോ*) എന്നാണ് ഇവിടെ, എന്നാൽ ആദ്യത്തെ സംഭവത്തിൽ "വാഴ്ത്തി" (*യൂലേജിയോ*) എന്നാണ്. എങ്കിലും, അവയുടെ അർത്ഥം ഒന്നുതന്നെ (14:19 ന്റെ പരാമർശം നോക്കുക). അപ്പവും മീനും അവൻ വാഴ്ത്തിയ **ശേഷം നുറുക്കി** ശിഷ്യന്മാർക്ക് കൊടുത്തു, **ശിഷ്യന്മാർ പുരുഷാരത്തിനും** കൊടുത്തു.

**വാക്യം 37.** ഒരിക്കൽകൂടെ, **ആളുകൾ തിന്നു തൃപ്തരാകുവോളം**, യേശു അവർക്ക് ഭക്ഷണം നൽകി. അയ്യായിരം പേർ തിന്നശേഷം, അവശേഷിച്ചതെല്ലാം ശേഖരിച്ചത് പന്ത്രണ്ടു ചെറുകുട്ട (*കോഫിനോസ്*) അപ്പക്ഷണങ്ങളായിരുന്നു. എന്നാൽ ഈ സമയത്ത് ശേഖരിച്ചത് **ഏഴ് വലിയ കുട്ടകളായിരുന്നു** (*സ്പുരിസ്*) (14:20 ന്റെ പരാമർശം നോക്കുക). കുറച്ചു കുട്ടകളായിരുന്നു എങ്കിലും, ആദ്യത്തെ അത്ഭുതത്തിൽ അവശേഷിച്ച ഭക്ഷണത്തിന്റെ അളവ് പിന്നീടുണ്ടായതിനേക്കാൾ വളരെ അധികമായിരുന്നു. "ഏഴ്" കുട്ടകൾ ശേഖരിച്ചു എന്നു സൂചിപ്പിക്കുന്നത് ജാതികളുടെ പൂർണ്ണതയെയാകാം ആലങ്കാരികമായി പറയുന്നത്.

**വാക്യം 38.** ഇവിടെ എത്ര ആളുകളെ പോഷിപ്പിച്ചു എന്നും പറഞ്ഞിരിക്കുന്നു. **തിന്നവർ, സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ നാലായിരം പുരുഷന്മാർ ആയിരുന്നു** (14:21 നോക്കുക). യേശു തന്റെ ശുശ്രൂഷയുടെ ഓരോ ഘട്ടവും അവസാനിപ്പിച്ചത് ആഹാരത്തോടുകൂടെ ആയിരുന്നു എന്നാണ് ആൽഫ്രെഡ് എഡർഷെയിൻ നിരീക്ഷിച്ചത്. അവൻ തന്റെ ഗലീലയിലെ ശുശ്രൂഷ അയ്യായിരം പേരെ പോഷിപ്പിച്ച് അവസാനിപ്പിച്ചു, ജാതികളുടെ അടുക്കലുള്ള തന്റെ ദെക്കപ്പൊലിയിലെ ശുശ്രൂഷ അവസാനിപ്പിച്ചത് നാലായിരം പേരെ പോഷിപ്പിച്ചുകൊണ്ടായിരുന്നു ക്രൂശിലെ തന്റെ മരണത്തിന് മുൻപ് യെഹൂദ്യയിലെ ശുശ്രൂഷ അവസാനിപ്പിച്ചത്, മാളികമുറിയിൽ ശിഷ്യന്മാരെ പോഷിപ്പിച്ചുകൊണ്ടായിരുന്നു.[9]

**വാക്യം 39.** യേശു **പുരുഷാരത്തെ** പറഞ്ഞയച്ചിട്ട്, ഗലീലാ കടലിന്റെ കിഴക്കെ തീരത്തുനിന്നു പടിഞ്ഞാറെ തീരത്തേക്ക് **പടക് കയറി** പോയി. അവൻ **മഗദദേശത്തു ചെന്നു**. ശിഷ്യന്മാരെ കുറിച്ചു പറഞ്ഞിട്ടില്ലെങ്കിലും, അവർ അവനോടുകൂടെ ആയിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. മത്തായി യേശുവിനെ ശ്രദ്ധിച്ചതുകൊണ്ടാണ് അവനെ ഊന്നി പറഞ്ഞിരിക്കുന്നത്.

മഗദയുടെ യഥാർത്ഥ സ്ഥാനം ഇന്നു നമുക്ക് അറിയില്ല. തിരുവെഴുത്തിൽ ആ പേർ പിന്നെ പറഞ്ഞിട്ടില്ല, അത് തിരിച്ചറിയത്തക്ക ചരിത്ര ഗവേഷണങ്ങളൊന്നും ലഭിച്ചിട്ടുമില്ല. "മഗ്ദലന" മറിയക്ക് ലഭിച്ച സ്ഥാനപേരായ ആ സ്ഥലം ഉച്ചാരണം മാറ്റി ഉപയോഗിച്ചതാണ് മഗദ എന്നു വാദിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് ലഭിച്ച ചില ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ വാക്യം 39-ൽ "മഗ്ദലാ" എന്നാണ്.

മഗദ എന്നതിനു പകരം, മർക്കൊസ് പറയുന്നത് യേശുവും അവന്റെ അനുയായികളും "പടകു കയറി ദൽമനൂഥാ അംശങ്ങളിലെത്തി" എന്നാണ് (മർ. 8:10). ആ പ്രദേശവും അറിയപ്പെടാത്തതാണ്, അത് ഒരുപക്ഷെ പടിഞ്ഞാറെ തീരത്തുള്ള ഗെന്നേസെരേത്ത് സമതല പ്രദേശമായിരിക്കാം. യേശു പിന്നീട് ഗലീലാ-ക്കടൽ കടന്നു വീണ്ടും, ആദ്യം ബെത്ത്സയിദയിലേക്കും പിന്നെ വടക്കോട്ട് യാത്ര ചെയ്തു ഫിലിപ്പിന്റെ കൈസര്യയിലേക്ക് പോയതെന്തിനാണെന്ന് ആ സ്ഥലം വിവരിക്കുന്നു (മർ. 8:13, 22, 27).

മത്തായിയിലേയും മർക്കൊസിലേയും പേരുകൾ തമ്മിലുള്ള വ്യത്യാസം എടുത്ത് വിവരണത്തിലെ ആധികാരികതയെ ചോദ്യം ചെയ്യാവുന്നതല്ല. പല പുതിയനിയമ സ്ഥല പേരുകൾക്കും - പ്രത്യേകിച്ച് വളരെ ചെറിയ സ്ഥലങ്ങൾക്ക് ഒന്നിലധികം പേരുകളുണ്ടായിരുന്നു.[10] മഗദയും ദൽമനൂഥായും ഒരേ സ്ഥലത്തിന്റെ തന്നെ പേരുകളായിരുന്നില്ലെങ്കിൽ അടുത്തടുത്ത സ്ഥലങ്ങളായിരിക്കാം.

## പാഠങ്ങൾ

### യിസ്രായേലിലെ കാണാതെ പോയ ആടുകൾ (15:24)

യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കായിരുന്നു യേശുവിനെ അയച്ചത് (15:24). അവൻ തന്റെ അപ്പൊസ്തലന്മാരെ പരിമിത ആജ്ഞയുമായി അയച്ചത് "യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കായിരുന്നു" (10:6). അത് അവസരം വന്നപ്പോൾ, ജാതികളുടെ ഇടയിൽ ശുശ്രൂഷിക്കുന്നതിനു തടസമായിരുന്നില്ല (15:21–28). ഭൗതിക യിസ്രായേലിൽ പെടാത്ത "ആടുകൾ" തനിക്ക് വേറെയും ഉണ്ട് എന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞിരുന്നു. അവൻ പറഞ്ഞു, "അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും" (യോഹ 10:16). ഇവിടെ പറയുന്ന "വേറെ ആടുകൾ" എന്നതു നാമധേയ വിഭാഗങ്ങളെയാണെന്ന് ചിലർ പറയുന്നു. അതു സത്യമാകയില്ല. ഈ വേദഭാഗം പറയുന്നത് ജാതികളെയാണ്. ദൈവത്തിന്റെ പദ്ധതി എല്ലാവരേയും വീണ്ടെടുക്കുക എന്നതാണ് – യെഹൂദന്മാരെയും, ജാതികളെയും – "ഏകശരീരത്തിൽ" അഥവാ സഭയിൽ ഒന്നാക്കുക (എഫെ. 2:11–16).

### വിശ്വാസം (15:28)

വിശ്വാസത്താൽ മാത്രം നാം രക്ഷപ്രാപിക്കുമെന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ടോ? ഇല്ല. വാസ്തവത്തിൽ, അതിനെതിരായിട്ടാണ് ബൈബിൾ പഠിപ്പിക്കുന്നത് (യാക്കൊ. 2:24). നാം "കൃപയാലല്ലൊ ... വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നത്" (എഫെ. 2:8, 9). രക്ഷക്ക് ദൈവഭാഗത്തുനിന്നുള്ളതാണ് കൃപ, അനുസരിക്കുന്ന വിശ്വാസമാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. വിശ്വാസത്തിന്റെ പ്രാധാന്യം നാം ഒരിക്കലും ചെറുതാക്കി കാണരുത്. വിശ്വാസം നമ്മുടെ ഹൃദയങ്ങളെ നിർമ്മലീകരിക്കുന്നു (പ്രവൃ. 15:9), നമ്മുടെ വിശ്വാസം പാപം മോചിക്കുകയും (പ്രവൃ. 10:43), നമ്മെ നീതീകരിക്കയും (റോമർ. 5:1), രക്ഷിക്കുകയും ചെയ്യും (1 പത്രൊ. 1:9), നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും (പ്രവൃ. 26:18). നമ്മുടെ വിശ്വാസം ലോകത്തെ ജയിക്കുന്നു (1 യോഹ. 5:4), വിശ്വാസത്താൽ നമുക്ക് നിത്യജീവനും ലഭിക്കുന്നു (1 യോഹ. 5:11–13). എങ്ങനെയാണ് വിശ്വാസം രക്ഷിക്കുന്നത്? പ്രവൃത്തികളാലല്ല, പിന്നെയോ വിശ്വാസ പ്രവൃത്തിയാലത്രെ (ഗലാ. 5:6; എബ്രാ 11).

വിശ്വാസത്തിന്റെ അളവ് പല തരത്തിലാണെന്ന് വചനം സാക്ഷീകരിക്കുന്നു. വലിയ വിശ്വാസം ഉണ്ട് (15:28), അതേ സമയത്ത് അൽപ വിശ്വാസവുമുണ്ട് (14:31). ശക്തമായ വിശ്വാസം ഉണ്ട് (റോമർ. 4:20), അതേ സമയത്ത് ബലഹീന വിശ്വാസവുമുണ്ട് (മർ. 9:24). നിറഞ്ഞ വിശ്വാസത്തെ നാം വായിക്കുന്നു (പ്രവൃ. 11:24), സ്ഥിരമായ വിശ്വാസം ഉണ്ട് (കൊലൊ. 2:5), വർദ്ധിച്ച വിശ്വാസം ഉണ്ട് (ലൂക്കൊ. 17:5). വളരുന്ന വിശ്വാസവും (2 തെസ്സ. 1:3), ഫലമില്ലാത്ത "ചത്ത വിശ്വാസം" എന്നറിയപ്പെടുന്ന വിശ്വാസവുമുണ്ട് (യാക്കൊ. 2:26). ചത്ത വിശ്വാസം ഒരിക്കലും രക്ഷിക്കുകയില്ല. അത് ജീവിപ്പിക്കുന്നതും, പ്രാവർത്തികവും ആയാൽ രക്ഷിക്കും.

---

കുറിപ്പുകൾ

[1]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു*

(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 414. 2വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, ബി ലോയൽ (വീറ്റൺ Ill.: വിക്ടർ ബുക്സ്, എസ്പി പബ്ലിഷേഴ്സ്, 1980), 103. [3]നോക്കുക ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 253; ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 401, എൻ. 48; ഡബ്ലിയു എഫ്, ആൾബ്രൈറ്റും സി. എസ് മാനും, *മാത്യു, ദ ആങ്കർ ബൈബിൾ* (ഗാർഡൻ സിറ്റി, എൻ. വൈ.: ഡബിൾഡേ ആന്റ് കമ്പനി., 1971), 187. [4]ഡഗ്ലസ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 178. [5]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു,* വാല്യം 2, 2ഡ് എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1958), 134–35. [6]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 575. [7]മോറിസ്, 409. [8]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 154. [9]ആൽഫ്രെഡ് എഡെർഷെയിൻ, *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസയ്യാ* അപ്ഡേറ്റഡ് എഡി. (പീബഡി, മാസ്: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1993), 517. [10]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാത്യു* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977), 235–36.